# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവളങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.7/134/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.7/134/22

തീയ്യതി: 05/08/2022

## എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 10-01-2022 | 21-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
ഷൈജു മാത്യൂ, ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ, അസി. ഓഡിറ്റ് ഓഫീസർ
ഷഹീർ എസ്, സീ. ഗ്രേ. ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീമതി. ബീന ബെന്നി | പ്രസിഡന്റ് | 01-04-2020 | 30-12-2020 |
| ശ്രീ. സൈജെന്റ് ചാക്കോ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ. രാജൻ പി എസ് | സെക്രട്ടറി | 01-04-2020 | 24-06-2020 |
| ശ്രീ. സുധീഷ് കുമാർ സി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2020 | 08-07-2020 |
| ശ്രീമതി. ഷീജ ടി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-07-2020 | 27-07-2020 |
| ശ്രീ. സുധീഷ് കുമാർ സി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-07-2020 | 04-08-2020 |
| ശ്രീമതി റീന റാഫേൽ | സെക്രട്ടറി | 05-08-2020 | 23-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ഷീജ ടി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-10-2020 | 15-11-2020 |
| ശ്രീമതി റീന റാഫേൽ | സെക്രട്ടറി | 16-11-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉമ മഹേശ്വരി | കൃഷി ഓഫീസർ | 01-04-2020 | 03-09-2020 |
| ശ്രീ. രാജേന്ദ്രൻ എം എൻ | കൃഷി ഓഫീസർ | 04-09-2020 | 08-09-2020 |
| ശ്രീ. മനോജ് ഇ എം | കൃഷി ഓഫീസർ | 09-09-2020 | 31-03-2021 |
| ശ്രീ. ലാലു ഇ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 31-03-2021 |
| ഡോ. ലൂസിന ജോസഫ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. ഷിനേജ് തോമസ് അബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 22-01-2021 |
| ശ്രീ. സന്തോഷ് പി എം | വി ഇ ഓ, നെല്ലിമറ്റം | 01-04-2020 | 31-03-2021 |
| ശ്രീ. സിറാജ് എം എ | വി ഇ ഓ, നേര്യമംഗലം | 01-04-2020 | 21-01-2021 |
| ശ്രീ. ബിനിൽ സി മോഹൻ | വി ഇ ഓ, നേര്യമംഗലം | 22-01-2021 | 31-03-2021 |
| ഡോ. രാജേശ്വരി ആർ | വെറ്റർനറി സർജൻ | 01-04-2020 | 30-11-2020 |

| | | | |
|---|---|---|---|
| ഡോ. മെർളി ജെസഫ് | വെറ്റർനറി സർജൻ | 01-12-2020 | 28-02-2021 |
| ഡോ. രാജേശ്വരി ആർ | വെറ്റർനറി സർജൻ | 01-03-2021 | 31-03-2021 |
| ശ്രീ. എം ഷാജഹാൻ | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 02-07-2020 |
| ഡോ.ബെക്കർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-01-2021 | 23-01-2022 |
| ഡോ. പ്രദീപ് കെ ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 31-03-2021 | 29-01-2022 |
| ശ്രീമതി. ഷീജ ടി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 03-07-2020 | 31-03-2021 |
| ഡോ. മനോജ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-06-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ഗ്രാമസഭ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | സാമൂഹ്യസുരക്ഷ പെൻഷൻ - അപാകതകൾ | 1-12 |
| 13 | കെട്ടിട വാടക-അപാകതകൾ | 1-13 |
| 14 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-14 |
| 15 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുന:പരിശോധിക്കേണ്ടതാണ് | 1-15 |
| 16 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല | 1-16-1 |
| 17 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-2 |
| 18 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-3 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-4 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-5 |

| | | |
|---|---|---|
| 21 | വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-6 |
| 22 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ച് തിരിച്ചുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-16-7 |
| 23 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-16 |
| 24 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു | 1-17 |
| 25 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-18-1 |
| 26 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു | 1-18-2 |
| 27 | റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-18-3 |
| 28 | ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല | 1-18-4 |
| 29 | മൂലധന നിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-18-5 |
| 30 | പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-18-6 |
| 31 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-18 |
| 32 | തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് | 1-19 |

| | | |
|---|---|---|
| | നൽകിയിരിക്കുന്നു | |
| 33 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - വാടക രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല | 1-20 |
| 34 | വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ അധിക തുക ഹരിതകർമ്മ സേനയ്ക്ക് നൽകി | 1-21 |
| 35 | വി.ഇ.ഓ.നടപ്പിലാക്കിയ പ്രൊജക്കുകൾ- അപാകതകൾ | 1-22 |
| 36 | പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. | 1-23 |
| 37 | വൈദ്യുതി വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 38 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചില്ല. | 1-25 |
| 39 | എ.ബി.സി പ്രോഗ്രാം- തുക നൽകിയെങ്കിലും ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 40 | വെറ്റിനറി മരുന്ന് വാങ്ങൽ -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങൾസേവനങ്ങൾ സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ചില്ല. | 1-27 |
| 41 | മുട്ടക്കോഴി വിതരണ പദ്ധതി -മുഴുവൻ പേർക്കും വിതരണം ചെയ്തില്ല. | 1-28 |
| 42 | വനിതകൾക്ക് മുട്ടക്കോഴി വിതരണം-പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ . | 1-29 |
| 43 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-30 |
| 44 | ഉപയോഗ ശൂന്യമായ കുടിവെള്ള കണക്ഷനുകൾ റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 1-31 |
| 45 | ലൈഫ് ഭവനപദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 46 | പൊതു കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ സെക്രട്ടറിയുടെ പേരിൽ നിലനിർത്തിയിരിക്കുന്നു | 1-33 |
| 47 | പാലിയേറ്റീവ് കെയർ വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ | 1-34 |

| | | |
|---|---|---|
| | ചെയ്യുന്നതിന് തുക നൽകി. | |
| 48 | അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് | 1-35 |
| 49 | തിരിച്ചടക്കാത്ത ബാധ്യതാ തുകകൾ. | 1-36 |
| 50 | മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണതോതിലെ കുറവ്. | 1-37 |
| 51 | ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇ-ടെൻഡർ ഫീ ലഭിച്ചിട്ടില്ല | 1-38 |
| 52 | മരാമത്ത് പ്രവർത്തി -എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 1-39 |
| 53 | ടെൻഡർ നടപടികളിലെ അപാകങ്ങൾ | 1-40 |
| 54 | പഞ്ചായത്ത് പുറമ്പോക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭിച്ചില്ല | 1-41 |
| 55 | ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പാലിയേറ്റീവ് കെയർ വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് തുക നൽകി | 3-1 |
| 2 | മുട്ടക്കോഴി വിതരണം-മുഴുവൻ പേർക്കും വിതരണം ചെയ്തില്ല. | 3-2 |
| 3 | വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ അധിക തുക ഹരിതകർമ്മ സേനയ്ക്ക് നൽകി | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷീക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26.3.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബ 30.1.2021തീയതിയിലെ 8(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**ബജറ്റ് സംക്ഷിപ്തം**

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 12483085 | 12483085 |
| വരവ് | 193779390 | 225968755 |
| ആകെ | 206262475 | 238451840 |
| ചെലവ് | 200173360 | 232282023 |
| നീക്കിയിരിപ്പ് | 6089115 | 6169817 |

ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ വരവിനങ്ങളുടെ തുകയും യഥാർത്ഥ തുകയുമായി വ അന്തരം കാണിക്കുന്നുണ്ട്. ഉദാഹരണമായി നികുതി വരവിനത്തിൽ ആകെ വരവായി ബജറ് വിഭാവനം ചെയ്തിരിക്കുന്നത് 8020000 രൂപ മാത്രമാണ്. എന്നാൽ 2019-20 വർഷത്തെ വി നികതികുടിശ്ശികകളും 2020-21 വർഷത്തെ നികുതിവരവുകളും ആകെ ഒരു കോടിയിലധികം രൂപയാ വരുന്നുണ്ട്. ഇത്തരം അന്തരം പരമാവധി ഒഴിവാക്കി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 11.06.2021 | - | - |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ച കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാം പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) കേരള വാട്ടർ അതോരിറ്റിക്ക് നൽകിയ 20,000/- രൂപ വിനിയോഗ സാക്ഷ്യപ ലഭിച്ചിട്ടില്ലായെങ്കിലും B-18 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33818136 |
| വരവ് | 99699898 |
| ആകെ | 133518034 |
| ചെലവ് | 105948184 |
| നീക്കിയിരിപ്പ് | 27569850 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 217998 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 645734 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19934066 | 19934066 | 19934066 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 7508235 | 7508235 | 7169399 | 338836 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 2017000 | 2017000 | 1800118 | 216882 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 13094000 | 13094000 | 13094000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5973959 | 5973959 | 3907044 | 2066915 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 17935788 | 17935788 | 11803041 | 6132747 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -പെർഫോമൻസ് ഗ്രാന്റ് | | | 7630000 | 7630000 | 1874123 | 5755877 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | | 993853 | 1561057 | 2554910 | 1100000 | 1454910 |
| ഒ ഡി എഫ് സെൻട്രൽ ഷെയർ | | 1384923 | --- | 1384923 | 22554 | 1362369 |
| എസ്.എൽ.ഡബ്ല്യു എം ഗ്രാന്റ് (സ്വച്ഛ് ഭാരത് മിഷൻ) | | 1201078 | ---- | 1201078 | 1098081 | 102997 |
| ശുചിത്വ മിഷൻ | | 29170 | 382554 | 411724 | 194086 | 217638 |
| ടോട്ടൽ സാനിറ്റേഷൻ | | 12520 | 2870825 | 2883345 | 749213 | 2134132 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റുകൾ | | | | | | |
| സാക്ഷരതാ മിഷൻ | | 14019 | 385 | 14404 | ---- | 14404 |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | | 933800 | 2940000 | 3873800 | 2053800 | 1820000 |
| (വിമുക്തി,ഇല്ക്ഷൻ ഗ്രാന്റ്,കില ട്രെയിനിംഗ്) | | 39556 | 38138 | 77694 | 38138 | 39556 |
| കേരളോൽസവം | | ---- | 20000 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 315315 | 1375000 | 1690315 | 274075 | 416240 |
| | ജില്ലാ പഞ്ചായത്ത് | 0 | 4116013 | 4116013 | 4116013 | 0 |

ജി.ഒ പ്രൊജക്ടുകളായി കുറവ് ചെയ്ത തുകകളുടെയും ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെയും തുകകൾ

| ഫണ്ടിനം | ജി.ഒ പ്രൊജക്ടിന്റെ പേര് പ്രൊജക്ടിന്റെ പേര് | ജി.ഒ പ്രൊജക്ടിനായി കുറവ് വരുത്തിയ തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | ലൈഫ് ഭവന പദ്ധതി (ജനറല്) | 1449059 | 1346388 |
| | അംഗൻവാടി പോഷകാഹാര പദ്ധതി: | 1314000 | |
| വികസന ഫണ്ട് (എസ്,സി.പി | ലൈഫ് ഭവന പദ്ധതി | 87765 | 622271 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഇല്ല | ഇല്ല | 8616789 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | ഇല്ല | ഇല്ല | 2741871 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | ഇല്ല | ഇല്ല | 819202 |

സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക് ഷെയർ ഇനത്തിൽ ലഭിച്ച 200788രൂപ(പ്രൊജക്ട് നം.123/21ലൈ ഭവന നിർമ്മാണം ജനറൽ) എസ്.ബി.ഐ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 297 | 166186005 | 196 | 85282807 | 26 | 75 | 65.99% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 559723 | 1345850 | 1905573 | 1866570 | 39003 |
| കൂലിച്ചെലവ് | | 15804070 | 15804070 | 12890666 | |
| ക്യാപിറ്റൽ കോൺട്രിബ്യൂഷൻ | | | | 2913404 | |
| ആകെ | 559723 | 17149920 | 17709643 | 17670640 | 39003 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11952000 | 768 |
| വിധവാപെൻഷൻ | 17836600 | 1124 |
| വാർദ്ധക്യകാലപെൻഷൻ | 24114200 | 1468 |
| വികലാംഗപെൻഷൻ | 5210800 | 355 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം | 60000 | 3 |
| അവിവാഹിതർക്കുള്ള ധനസഹായം (50 വയസ്സിന് മുകളിൽ ) | 990400 | |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 12.01.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയ 45606/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമസഭ

കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമസഭ കൂടിയിട്ടില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ ത സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കി സ്റ്റാഫ് മീറ്റിംഗുകൾ പ്രതിമാസം കൂടിയതായി കാണുന്നില്ല. കോവിഡ് മഹാമാരി രൂക്ഷമായി ന ഓഡിറ്റ് വർഷത്തിൽ ആകെ മൂന്ന് തവണ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഇവയിൽ പ്രധാനമാ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ചാവിഷയമായിട്ടുണ്ടെങ്കിലും പല മിനുട്സുക അപൂർണ്ണങ്ങളാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.8.2019 | 6/2019 മുതൽ 7/2019 വരെ | 6.8.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.1.2014 മുതൽ 18.1.2014 വരെ | 2008-09 മുതൽ 2012-13വരെ | 12.3.2014 |

## 1-12 സാമൂഹ്യസുരക്ഷ പെൻഷൻ - അപാകതകൾ

മരണ റിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗിച്ച് വിവിധ സാമൂഹ്യസുരക്ഷ പെൻഷനുകള വിതരണം സംബന്ധിച്ച് സേവനപെൻഷൻ പോർട്ടൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങള അടിസ്ഥാനത്തിലും ധനകാര്യ (എസ്.എഫ്.സി.സെൽ.ബി) വകുപ്പിന്റെ സ.ഉ.(എം.എസ്)നം. 278/2 ധന. തീയതി. 3.8.2018 ഉത്തരവിന് വിരുദ്ധമായി വന്നിട്ടുള്ളതുമായ അപാകങ്ങൾ സൂചിപ്പിച്ച് 21.01.2 ൽ ഉദാഹരണം സഹിതം നൽകിയ 22 ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1)ഗുണഭോക്താക്കളുടെ മരണശേഷം സേവന പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കി ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത തുകകൾ സസ്പെൻസ് അക്കൗണ്ടിൽ വിവിധ ബാങ്കുകള നിലനിൽക്കുന്നു. ടി തുകകൾ കണ്ടെത്തി തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡി അക്കൗണ്ടിലേക്ക് അടവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടു എന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

2)ഗുണഭോക്താക്കളുടെ മരണശേഷം സസ്പെന്റ് ചെയ്യാതെ ആക്റ്റീവ് ആയി നിരവധി അക്കൗണ്ടു നിലവിലുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ സേവന പോർട്ടലിൽ Deceased എന്നു കാണിച്ചിട്ടുണ്ടെങ്കി സ്റ്റാറ്റസ് ആക്റ്റീവ് ആയതിനാൽ പെൻഷൻ തുക ഡി.ബി.ടി സെല്ലിൽ നിന്നും നിലവിലും ബ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നുണ്ട്.

3) ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ട് സസ്പെന്റ് ചെയ്യാൻ വൈകുന്നതു മൂലം പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതായി സേവനപെൻഷൻ പോർട്ടൽ പ്രകാരം കാണുന്ന ആയതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.
ഉദാ :

പേര് :- എൽസി അയ്യപ്പൻ
മരണത്തീയതി : 22.03.2020
പെൻഷണർ ഐഡി :-106850201504
പെൻഷൻ ഇനം/ഉപതരം :- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ(പ്രായം വയസിനുതാഴെ)
തുക അധികമായി നല്കിയ മാസങ്ങൾ :- ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ.
4) പഞ്ചായത്ത് പരിധിയിൽ വച്ച് മരണപ്പെടുന്ന മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷ ആയിട്ടുള്ള വ്യക്തികളുടെ വിവരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കാത്തതിന മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അക്കൌണ്ടിലേക്ക് പോകുന്നതാ പെൻഷണറുടെ സ്റ്റാറ്റസ് ആക്റ്റീവ് ആയി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു ഉദാഹരണം ചുവ ചേർക്കുന്നു .

പെൻഷണറുടെ പേര് (മലയാളം/ഇംഗ്ലീഷ്) :- എൻ കെ സുകുമാരൻ / N K Sukumaran

ജില്ല / പ്രാദേശിക സർക്കാർ :- കോട്ടയം /അതിരമ്പുഴ ഗ്രാമ പഞ്ചായത്ത്

പെൻഷണർ ഐഡി :- 105140100803

പെൻഷൻ ഇനം :- കർഷക തൊഴിലാളി പെൻഷൻ

സ്റ്റാറ്റസ്:- ആക്റ്റീവ്

മരണത്തീയതി :- 15.04.2020

അധികമായി തുക നല്കിയ മാസങ്ങൾ :- മെയ് 2020 മുതൽ ഡിസംബർ 2021 വരെ
ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വച്ച് മരണപ്പെടുന്ന വ്യക്തികൾ മറ്റ് ത സ്വയംഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ഇക്കാര്യം അറിയിച്ച് പെൻഷ ക്യാൻസൽ ചെയ്യുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ച് വരുന്നില്ല. ഈ അപാ പരിഹരിക്കുന്നതിന് ഗുണഭോക്താവ് ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയാണോ സ്ഥാപനത്തെ മരണവിവരം അറിയിച്ച് പെൻഷൻ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ട മേൽ പരാമർശിച്ച മറ്റ് അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിട വാടക-അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയില്ല പുതിയതും പഴയതും ആയുള്ള ഷോപ്പിങ് കോംപ്ലെക്സുകളിലെ ആകെയുള്ള 48 കടമുറികൾ വാടക നൽകിയിട്ടുണ്ട്.
1. 2005 ലെ കേരള പഞ്ചായത്ത് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രക പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കു സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. പ്രകാരം സംവരണം ചെയ്തിട്ടുള്ള മുറികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.
2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളത്. മാത്ര എല്ലാ വാടകക്കാരുമായും പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകളോ അനുബ രേഖകളോ വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കാത്തതി എല്ലാ വാടകക്കാരുമായും പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകളോ അനുബ രേഖകളോ വാങ്ങി സൂക്ഷിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല.
3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ധനകാര്യ കമ്മറ്റി, ഭരണ സമിതി എന്നിവയിലെ തീരുമാനങ്ങളുടെ വിവരങ്ങൾ ഓഡിറ്റ ലഭ്യമാക്കിയില്ല.
4. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ രൂപികരിച്ചിട്ടുണ്ടോയെന്ന വിവ ലഭ്യമാക്കിയില്ല.
5. പുതിയതും പഴയതും ആയുള്ള ഷോപ്പിങ് കോംപ്ലക്സുകളിലെ ആകെയുള്ള 48 മുറികളുടെയും വാ അസിസ്റ്റന്റ് എൻജിനിയർ നിർണയിച്ച് നല്കിയതിന്റെ സർട്ടിഫിക്കറ്റും അനുബന്ധ ഫയലുകളും ഓഡിറ്റ ഹാജരാക്കിയില്ല.
6. പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. 1,2 എന്ന സരോജിനി രാഘവൻ, പുള്ളിയിൽ വീട് എന്നവർക്ക് വാടകയ്ക്ക് നൽകിയതായി കാണ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മരണ സർട്ടിഫിക്കറ്റ് (രജിസ്ട്രേഷൻ നം. 244/2020/09.06.20 പ്രകാരം ടിയാരി 26.05.2020 ന് മരണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്ത

മുഴവനായും ടിയാരിയുടെ പേരിൽ തന്നെ വാടക ഈടാക്കിയതായി കാണുന്നു. കട മുറികൾ പുനർ ലേ ചെയ്യാതെ മരണപ്പെട്ട ആളുടെ പേരിൽ തന്നെ വാടകയ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത വിശദീകരണം നൽകിയിട്ടില്ല .

7. ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 13.01.2022ന് ഉച്ചക്ക് മണിക്ക് പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സുകളും അനുബന്ധ കെട്ടിടങ്ങളിലും നടത്ത പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

എ)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുതിയതും പഴയതും ആയുള്ള ഷോപ്പിങ് കോംപ്ലെക്സുകളി ആകെയുള്ള 48 മുറികളിലും വിവിധ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഴയ ഷോപ്പിങ് കോംപ്ലക്സ് | | | |
|---|---|---|---|
| ക്രമ നം. | വാർഡ് നം /കടമുറി നം./ ഡോർ നം . | പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
| 1 | 8/ I /851 | റീഗൾ ബുക്ക്സ് സ്റ്റോർ | |
| 2 | 8/ I I /850 | ഒറമാത്തിൽ ഇൻഡ്യൻ ബേക്കറി | |
| 3 | 8/ I I I /849 | ഒറമാത്തിൽ ഇൻഡ്യൻ ബേക്കറി | |
| 4 | 8/ IV / 848 | മാളിയേക്കൽ സ്റ്റോഴ്സ് ആന്റ് ഫ്രൂട്ട് വിയേഴ്സ് | |
| 5 | 8/ V /847 | അഭിലാഷ് റബ്ബർ ട്രെഡേഴ്സ് | |
| 6 | 8/ VI /846 | അഭിലാഷ് റബ്ബർ ട്രെഡേഴ്സ് | |
| 7 | 8/ VII /845 | പച്ചകറി കട | |
| 8 | 8/ VIII /844 | കളരി പറമ്പിൽ ഗിഫ്റ്റ് ഹൗസ് | |
| 9 | 8/ XI /843 | താമരചലിൽ പലചരക്ക് | |
| 10 | 8/ X /842 | ക്യാൺവെറി ഹോട്ടൽ | |
| 11 | 8/ XI /841 | റാഡോ ടൈംസ് ആന്റ് മൊബൈൽ സെൻറർ | |
| 12 | 8/ XII /840 | പ്രിൻസ് സ്റ്റോർ | |
| 13 | 8/ XIII /839 | സിറ്റി ബേക്കറി | |
| 14 | 8/ XIV /838 | തയ്യൽ കട | |
| 15 | 8/ XV /837 | - | കട അടഞ്ഞ് കിടക്കുന്നു |
| 16 | 8/ XVI /836 | കഫെ 44 റെസ്റ്റോറന്റ് | |
| 17 | 8/ XVII /835 | വടക്കേൽ ഗിഫ്റ്റ്സ് ഹൗസ് | |
| 18 | 8/ XVIII /834 | ഗീത മെഡിക്കൽസ് | |
| 19 | 8/ XIX /833 | കാഞ്ചന ടെക്സ്റ്റൈൽസ് | |
| 20 | 8/ XX /832 | മൊബൈൽ ഹബ് | |
| 21 | 8/ XXI /831 | ഹ്യൂസ് നെക്സ്റ്റ് (ബാർബർ ഷോപ്പ് ) | |
| 22 | 8/ XXII /830 | മാത ബേക്കറി | |
| 23 | 8/ XXIII /829 | മാത ബേക്കറി | |

| | | | |
|---|---|---|---|
| 24 | 8/ XXIV /828 | - | കട അടഞ്ഞ് കിടക്കുന്നു |
| 25 | 8/ XXV /827 | തോട്ടത്തിൽ കോഫീ ഹൗസ് | |
| 26 | 8/ XXVI /826 | തോട്ടത്തിൽ കോഫീ ഹൗസ് | |
| 27 | 8/ XXVII /852 | മിൽമ ഷോപ്പീ | |

**പുതിയ ഷോപ്പിങ് കോംപ്ലക്സ്**

| ക്രമ നം. | വാർഡ് നം /കടമുറി നം./ ഡോർ നം . | പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 8/ I /807 | ജയ ടെക്സ്റ്റൈൽസ് | |
| 2 | 8/ I I /806 | ജയ ടെക്സ്റ്റൈൽസ് | |
| 3 | 8/ I I I /805 | ഫ്രെഷ് മർട്ട് | |
| 4 | 8/ IV / 804 | ശ്രീ വിനായക ബേക്കറി | |
| 5 | 8/ V /803 | - | കട അടഞ്ഞ് കിടക്കുന്നു |
| 6 | 8/ VI /802 | എഡ്യൂ മാൾ ബുക്ക്സ്റ്റാൾ | |
| 7 | 8/ VII /801 | സോണാൽ എലക്ട്രോണിക്സ് | |
| 8 | 8/ VIII /800 | മൊബൈൽ ഹബ് | കട അടഞ്ഞ് കിടക്കുന്നു |
| 9 | 8/ XI /799 | അനുഗ്രഹ ലോട്ടറീസ് | |
| 10 | 8/ X /798 | പച്ചകറി കട | |
| 11 | 8/ XI /808 | ജയ ടെക്സ്റ്റൈൽസ് | |
| 12 | 8/ XII /809 | ജയ ടെക്സ്റ്റൈൽസ് | |
| 13 | 8/ XIII /810 | ഫ്രെഷ് മർട്ട് | |
| 14 | 8/ XIV /811 | ശ്രീ വിനായക ബേക്കറി | |
| 15 | 8/ XV /812 | - | കട അടഞ്ഞ് കിടക്കുന്നു |
| 16 | 8/ XVI /813 | എഡ്യൂ മാൾ ബുക്ക്സ്റ്റാൾ | |
| 17 | 8/ XVII /814 | സോണാൽ എലക്ട്രോണിക്സ് | |
| 18 | 8/ XVIII /815 | മൊബൈൽ ഹബ് | കട അടഞ്ഞ് കിടക്കുന്നു |
| 19 | 8/ XIX /816 | അനുഗ്രഹ ലോട്ടറീസ് | |
| 20 | 8/ XX /817 | പച്ചകറി കട | |
| 21 | 8/ XXI /818 | - | കട അടഞ്ഞ് കിടക്കുന്നു |

2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. എന്നിവയിൽ പ്രവർത്തിക്കുന്ന ശ്രീ. സി എസ് എൽദോസ് എന്നവരുടെ ഉടമസ്ഥതയിലുള്ള കോൾ സ്റ്റോറേജ് എന്ന സ്ഥാപനത്തിന് മാത്രമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള

മേൽ പട്ടിക പ്രകാരമുള്ള മറ്റ് വാണിജ്യ സ്ഥാപനങ്ങളുടെ നടത്തിപ്പ് വാടക രജിസ്റ്റർ പ്രകാരമു
വാടകക്കാർ തന്നെയാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
ബി) മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടഞ്ഞ് കിടക്കുന്ന കടമുറികളിൽ നിലവ
പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചും അനുബന്ധ രേഖകളെ കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല .
സി) പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. 1,2 എന്ന
സരോജിനി രാഘവൻ, പുള്ളിയിൽ വീട് എന്നവർക്ക് വാടകയ്ക്ക് നൽകിയതായി കാണു
പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മരണ സർട്ടിഫിക്കറ്റ് (രജിസ്ട്രേഷൻ നം. 244/2020/09.06.20
പ്രകാരം ടിയാരി 26.05.2020 ന് മരണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ടിയാരിയുടെ പേരിലുള്ള കട മുറി ന
ൽ റീഗൾ ബുക്ക് സ്റ്റോറും കട മുറി നം.2 ൽ ഒറമാത്തിൽ ഇൻഡ്യൻ ബേക്കറിയുടെ ഒരു ഭാഗ
പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ആയതിനുള്ള കാരണം വ്യക്തമല്ല.
ഡി) കട മുറികൾ തമ്മിൽ വേർതിരിക്കുന്ന ഭിത്തി നീക്കം ചെയ്ത് രണ്ട് കട മുറികൾ ഒന്നാ
ഉപയോഗിക്കുന്നു, സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങളും രജിസ്റ്റർ പ്രകാ
ലഭിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു .

| ക്രമ നം. | കട മുറി നം. | പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 2<br>3 | ഒറമാത്തിൽ ഇൻഡ്യൻ ബേക്കറി | വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. 2 ലെ വാടകക്കാരൻ ശ്രീമതി. സരോജിനി രാഘവൻ എന്നിവരും കട മുറി നം. 3 ലെ വാടകക്കാരൻ ശ്രീ. കെ ബി രാധാകൃഷ്ണൻ എന്നിവരുമാണ്. |
| 2 | 5<br>6 | അഭിലാഷ് റബർ ട്രേഡേഴ്സ് | വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ്കോംപ്ലക്സി ലെകട മുറി നം. 5 ലെ വാടകക്കാരൻ ശ്രീ. കെ എം ശിവൻ എന്നിവരും കട മുറി നം. 6 ലെ വാടകക്കാരൻ ശ്രീ. അഭിലാഷ് കെ എസ് എന്നിവരുമാണ്. |
| 3 | 22<br>23 | മാതാ ബേക്കറി | വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. 22 ലെ വാടകക്കാരൻ ശ്രീ. പി എം ശിവൻ എന്നിവരും കടമുറി നം. 23 ലെ വാടകക്കാരൻ ശ്രീ. സുനി പ്രദീപ് എന്നിവരുമാണ്. |
| 4 | 25<br>26 | തോട്ടത്തിൽ കോഫി ഹൌസ് | വാടക രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി നം. 25, 26 എന്നിവയിലെ വാടകക്കാരൻ ശ്രീ. കെ എം ശിവൻ എന്നിവരാണ്. |

മേൽ പട്ടിക പ്രകാരം കട മുറികൾ തമ്മിൽ വേർതിരിക്കുന്ന ഭിത്തി നീക്കം ചെയ്ത് രണ്ട് കട മുറിക
ഒന്നാക്കി ഉപയോഗിക്കുന്നതിനും, വ്യത്യസ്ത വാടകക്കാരുടെ കടമുറികൾ ഒറ്റ വാണിജ്യ സ്ഥാപനമാ
ഉപയോഗിക്കുന്നതിനുള്ള കാരണം വ്യക്തമല്ല. ഇത്തരത്തിലുള്ള ഉപയോഗത്തിന് പഞ്ചായത്തി
അനുമതി ലഭിച്ചതായും കാണുന്നില്ല.
ഇ)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ ഉപയോഗ ശൂന്യമായ രീതിയ
കാണുന്നു.

1. സാംസ്കാരിക നിലയം
2. ടേയ്ക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കംഫർട്ട് സ്റ്റേഷൻ.

എഫ്) പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള സാംസ്കാരികനിലയത്തോട് ചേർന്നുള്ള മുറിയിൽ പോ
ഓഫീസും അതിന് അടുത്തുള്ള കെട്ടിടത്തിൽ തുടർ വിദ്യാകേന്ദ്രം സാക്ഷരതാ മിഷൻ, കെ എസ് ഇ
എന്നീ സ്ഥാപനങ്ങളും പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് പഞ്ചായത്തി
ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ അനുമതി നൽകിയതായോ വാ
സംബന്ധിച്ചോ ഉള്ള രേഖകൾ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 18.01.2022
9ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
വാടക സംബന്ധിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി വിശദീകര
നൽകേണ്ടതാണ്.

## 1-14 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനിക നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനിക നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 02/15.01.2022) സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമാ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് വിവ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുനഃപരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ ത നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ റാന്റം പരിശോധനയിൽ താഴെ പറയു കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണു ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്ന പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/11 | ബീന ഷാജി | 36.54 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1/40A | സൂസി പൗലോസ് | 20 | ,, |
| 3 | 1/296 | ഭാവന തിയറ്റേഴ്സ് ക്ലബ് | 25 | ,, |
| 4 | 1/301 | ന്യൂമെൻസ് ക്ലബ് | 20 | ,, |
| 5 | 2/236 | ക്ലബ് | 12 | ,, |
| 6 | 2/402A | തോമസ് മാത്യു | 15 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | 2/450 | വാട്ടർ അതോറിറ്റി കെട്ടിടം | 25 | ,, |
| 8 | 3/384A | ചന്ദ്രിക കൃഷ്ണൻകുട്ടി | 48.04 | ,, |

| | | | | |
|---|---|---|---|---|
| 9 | 4/191A | രാധ ദാമോദരൻ | 30 | ,, |
| 10 | 6/19 | ഫൗസിയ സലിം | 29 | Tax Exemption Type എന്ന കോളത്തിൽ പൊതു ആരാധനാലയങ്ങളും അനുബന്ധ കെട്ടിടങ്ങളും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 11 | 6/24 | സുകുമാരൻ നായർ | 12 | Tax Exemption Type എന്ന കോളത്തിൽ പൊതു ആരാധനാലയങ്ങളും അനുബന്ധ കെട്ടിടങ്ങളും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 12 | 6/25 | സുകുമാരൻ നായര് | 28 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 13 | 6/76A | സുരേഷ് റ്റി ബി | 26 | ,, |
| 14 | 6/124 | തടി ഡിപ്പോ | 10 | ,, |
| 15 | 6/304A | പ്രസിഡണ്ട് സെക്രട്ടറി, ഫ്രണ്ട്സ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | 9.29 | ,, |
| 16 | 6/535 | കുര്യാക്കോസ് ജോസഫ് | 28 | ,, |
| 17 | 7/62A | അമ്പിളി | 55.64 | ,, |
| 18 | 8/651 | തങ്കച്ചൻ സി കെ | 46 | ,, |
| 19 | 8/717 | ടെലഫോൺ എക്സ്ചേഞ്ച് | 333 | Tax Exemption Type എന്ന കോളത്തിൽ ഭരണഘടനയുടെ 285 അനുച്ഛേദം പ്രകാരം ഒഴിവാക്കിയ കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 20 | 9/152 | സെക്രട്ടറി, സഹകരണ കോളനി | 34 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 21 | 9/322 | സെക്രട്ടറി, മൈത്രി ക്ലബ് | 25 | ,, |
| 22 | 10/209 | ചലഞ്ച് ആർട്സ് | 31 | ,, |
| 23 | 11/249A | അബ്ദുൾ അസീസ് | 28 | ,, |
| 24 | 11/261A | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ | 215 | ,, |
| 25 | 12/356B | കുഞ്ഞിമോൻ കൃഷ്ണൻകുട്ടി | 59.96 | ,, |
| 26 | 12/389A | ഫ്രാൻസിസ് ജോർജ് | 57.91 | ,, |
| 27 | 12/520 | സാംബവ സഭ | 40 | ,, |
| 28 | 15/349A | അയ്യപ്പൻ | 45.87 | ,, |
| 29 | 15/508A | ഷാജി കെ പോൾ | 13.27 | ,, |
| 30 | 16/190A | ഖദീജ അജിംസ് | 58.45 | ,, |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19.01.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്തിലെ 18 വാർഡുകളും പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾ‹ വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ച ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്ന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ച ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേ

നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങ ശേഖരിക്കാവുന്നതാണ്.

## 1-16-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 2 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ ത രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെ ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സെന്റ് മേരീസ് വുഡ് ഇൻഡസ്ട്രീസ് | ജോസ് എ കെ | 4 | 42/20-21 |
| 2 | ഈസ്റ്റേൺ ട്രെഡ്സ് ലിമിറ്റഡ് (ഗോഡൗൺ) | എം ഇ മുഹമ്മദ് | 10 | 44/20-21 |
| 3 | പ്രീമിയം ഫുഡ് ഇൻഡസ്ട്രീസ് | റ്റിറ്റോ തങ്കച്ചൻ | 5 | 45/20-21 |
| 4 | കോതമംഗലം അഗ്രികൾച്ചറൽ പ്രൊഡ്യൂസേർസ് കോ. ലിമിറ്റഡ് | ചെയർമാൻ | 4 | 46/20-21 |
| 5 | ഹിൽ വ്യൂ & സ്പൈസസ് | രാജൻ ടി വി | 3 | 49/19-20 |
| 6 | ജീവ കാറ്ററിംഗ് | ഫാ. ജോസ് മൂർക്കോട്ടിൽ | 3 | 49/20-21 |
| 7 | വസ്തു ശില്പ ഫർണ്ണീച്ചർ | സിനു റ്റി എസ് | 6 | 57/20-21 |
| 8 | ജീവ ബുക്ക്സ് | ഫാ. തോമസ് ജെ പറയിടം | 8 | 63/20-21 |
| 9 | സ്മാർട്ട് ഫ്യൂവൽസ് | രാഗിഷ് എ | 5 | 83/20-21 |
| 10 | ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് (ഹണി പ്രോസസിംഗ് യൂണിറ്റ്) | പ്രൊജക്റ്റ് ഓഫീസർ | 4 | 98/20-21 |
| 11 | റോയൽ ബേക്കറി | സനീർ വി | 3 | 104/20-21 |
| 12 | മേരി മാതാ ഹോസ്പിറ്റൽ | ബെന്നി ആന്റണി | 7 | 109/2-21 |
സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ നിർദേശിച്ചെങ്കിലും ഹാജരാക്കാത്തതിനാൽ പഞ്ചായ
രേഖകളുമായി പരിശോധിച്ച് തുകയുടെ കൃത്യത പരിശോധിച്ചതിനു ശേഷമാണോ തുക നൽകിയതെ
വ്യക്തമല്ല.

കുടിശിക ബിൽ അടവാക്കുന്നതിന് ഒരു വർഷം മുൻപ് തന്നെ പഞ്ചായത്ത് കമ്മറ്റിയു
29.02.2020 ലെ യോഗത്തിൽ മേൽപ്പറഞ്ഞ വാട്ടർ കണക്ഷനുകൾ ഉപയോഗ രഹിതമാണെന്നും തുടർ
ബിൽ തുക അടവാക്കി നൽകുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും കുടിശിക ബില്ലുകളി
പലിശ ഒഴിവാക്കി നൽകണമെന്നും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട
തീരുമാനിച്ചിരുന്നു(തീരുമാനം നമ്പർ-17(1)).കണക്ഷനുകൾ ആരും ഉപയോഗിക്കുന്നില്ലെങ്കിൽ ആയവ
ചെയ്യുന്നതിന് അപേക്ഷ നൽകി ആവശ്യമായ ഫീസ് അടവാക്കിയാൽ മാത്രമേ ആയത് പരിശോധന
ശേഷം വാട്ടർ അതോറിറ്റി റദ്ദു ചെയ്യുകയുള്ളൂ. അല്ലാത്ത പക്ഷം ബിൽ തുടർന്ന് ലഭിച്ചു കൊണ്ടിരിക്കും.മേ
8 വാട്ടർ കണക്ഷനുകൾക്കും 01/2021 നു ശേഷം ലഭിച്ച ബില്ലുകൾ അടവാക്കിയിട്ടുണ്ടോയെന്ന വിവ
അറിയിച്ചിട്ടില്ല.തുക അടവാക്കിയിട്ടില്ലെങ്കിൽ കുടിശിക പിഴപ്പലിശ ഉൾപ്പെടെ നാളിതുവരെ എത്ര ത
ആയിട്ടുണ്ടെന്ന വിവരവും 8 കണക്ഷനുകളും റദ്ദു ചെയ്യുന്നതിന് എന്തെങ്കിലും നടപ
സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരവും അറിയിച്ചിട്ടില്ല.

29.02.20 ലെ കമ്മറ്റി തീരുമാനത്തിൽ സെക്രട്ടറിയുടെ പേരിലുള്ള കെ.പി.എം.എസ്.സാംബ
സഭ കമ്മ്യൂണിറ്റി ഹാളിന് 27988/- രൂപയും നേര്യമംഗലം കംഫർട്ട് സ്റ്റേഷന് 20516/-രൂപ
നേര്യമംഗലം കമ്യൂണിറ്റി ഹാളിന് 10939/- രൂപയും കുടിശിക ഉള്ളതായി പരാമർശിച്ചിട്ടുണ്ട്.എന്നാ
ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 19.3.2021 ൽ ടി സ്ഥാപനങ്ങളുടെ കുടിശ
അടവാക്കിയിട്ടില്ല.ടി 3 കണക്ഷനുകളുടെയും കുടിശിക അടവാക്കിയിട്ടുണ്ടോയെന്ന വിവരവും
കണക്ഷനുകളും നിലവിൽ ഉപയോഗശൂന്യമായത് ആണോ എന്നുള്ള വിവര
അറിയിച്ചിട്ടില്ല.കെ.പി.എം.എസിന്റെ ഉടമസ്ഥതയിൽ ഉള്ള കമ്മ്യൂണിറ്റി ഹാളിന്റെ വാട്ടർ കണക്ഷ
പഞ്ചായത്തിന്റെ പേരിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമല്ല.വാട്ടർ കണക്ഷൻ പഞ്ചായത്തിന്റെ
പേരിൽ നിന്നും ടി സ്ഥാപനത്തിന്റെ പേരിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഉപയോഗ്യ ശൂന്യമായ വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് അടിയന്തിരമായി നടപ
സ്വീകരിച്ചില്ലെങ്കിൽ ഭീമമായ കുടിവെള്ളക്കരം കുടിശികയാകുകയും വികസന പ്രവർത്തനങ്ങൾ
ഉപയുക്തമാകേണ്ട വലിയൊരു തുക പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും കുടിവെള്ള ചാ

ഇനത്തിൽ സ്രോതസിൽ കിഴിവ് ചെയ്യുന്നതിന് ഇടവരുകയും ചെയ്യും. ആയതിനാൽ ഉപയോ ശൂന്യമായ കുടിവെള്ള കണക്ഷനുകൾ അടിയന്തിരമായി റദ്ദ് ചെയ്ത് വിവരം ഓഡിറ്റ അറിയിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 4/20-21/18.01.22 നമ്പർ ഓഡി എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-32 ലൈഫ് ഭവനപദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ രജിസ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശിവൻ എൻ.കെ., മുള്ളൻതൊട്ടി, നെല്ലിക്കുഴി | 40,000/-(അഡ്വാൻസ്) |
| 2 | ഷൈജ വിൽസൺ, പുത്തൻപുരയ്ക്കൽ, തലക്കോട് | 2,40,000/- |
| 3 | സുമതി ശിവൻ, തോട്ടുങ്കൽ വീട്, ഊന്നുകൽ | 40,000/-(അഡ്വാൻസ്) |

മേൽ പട്ടികയിൽ ക്രമ നമ്പർ 1,3 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിട്ട് യാതൊരു തു നടപടിയും ചെയ്യാത്തവരാണ്. ക്രമ നമ്പർ 2 ഗുണഭോക്താവ് ബേസ്മെന്റ് വരെ പൂർത്തീകരിച്ചാ രണ്ടാമത്തെ ഗഡു 1,60,000/- രൂപ ഉൾപ്പടെ ആകെ 240000/- രൂപ കൈപ്പറ്റിയത്. ഭവന നിർമ്മാണ പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി വിവ അറിയിക്കേണ്ടതാണ്.

## 1-33 പൊതു കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ സെക്രട്ടറിയുടെ പേരി നിലനിർത്തിയിരിക്കുന്നു

കവളങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യു കണക്ഷൻ സെക്രട്ടറിയുടെ പേരിലാണ് ഉള്ളത്.

| ക്രമ നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | കൺസ്യൂമർ നമ്പർ |
|---|---|---|
| 1 | നേര്യമംഗലം | 1156015005039 |
| 2 | വെള്ളാമക്കുത്ത് | 1156011005098 |
| 3 | ആലുങ്കൽ സിറ്റി(1) | 1156018018069 |
| 4 | ആലുങ്കൽ സിറ്റി(2) | 1156015006944 |
| 5 | തലക്കോട് ലക്ഷം വീട് കോളനി | 1156013020694 |
| 6 | ഉപ്പുകുഴി | 1155922011258 |

പൊതു ജലസേചന പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായത ശേഷം തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃ സമിതിക ഏറ്റെടുക്കേണ്ടതാണെന്ന് 06.06.2002 ലെ ജി.ഓ.(എം.എസ്.)20/2002/ആസൂത്രണം പ്രകാരം സർക്ക നിർദേശിച്ചിട്ടുള്ളതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളെ തുടർ നിലവിൽ പഞ്ചായത്ത് ടി കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് അടവാക്കുന്നില്ല. എന്നാ ഓഡിറ്റ് വേളയിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നത് പ്രകാരം കുടിശിക അടവാക്ക കെ.എസ്.ഇ.ബി.യിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്

| ക്രമ നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | കുടിശിക തുക |
|---|---|---|
| 1 | നേര്യമംഗലം | 40203/- |
| 2 | വെള്ളാമക്കുത്ത് | 10141/- |

| | | |
|---|---|---|
| 3 | ആലുങ്കൽ സിറ്റി(1) | 31145/- |
| 4 | ആലുങ്കൽ സിറ്റി(2) | 14440/- |
| 5 | തലക്കോട് ലക്ഷം വീട് കോളനി | 30829/- |
| 6 | ഉപ്പുകുഴി | 4359/- |
| | ആകെ തുക | 1,31,117/- |

സെക്രട്ടറിയുടെ പേരിൽ വൈദ്യുതി കണക്ഷൻ നിലനിൽക്കുന്നിടത്തോളം കാലം ബിൽ പഞ്ചായത്ത തുടർന്നും ലഭിച്ചു കൊണ്ടിരിക്കും എന്നതിനാൽ ടി കണക്ഷനുകൾ സെക്രട്ടറിയുടെ പേരിൽ നിന മാറ്റുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.വാർഡ് മെമ്പർമാരുടെ സഹായത്തോടെ ഓരോ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു സമിതി രൂപീകരിച്ച് സമിതിയുടെ പേരിലേക്ക് വൈദ്യുതി കണക്ഷ മാറ്റുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കാതെ വൈദ്യുതി ചാർജ് അടവാക്കുന്ന അവസാനിപ്പിക്കുക മാത്രം പഞ്ചായത്ത് ചെയ്തത് മൂലം നിലവിൽ വലിയൊരു തുകയുടെ വൈദ്യുതി ചാ പഞ്ചായത്തിന് ബാദ്ധ്യതയായി വന്നിരിക്കുകയാണ്. ആയതിനാൽ 6 കുടിവെള്ള പദ്ധതികള നിലവിൽ പ്രവർത്തിക്കുന്നവയുടെ കാര്യത്തിൽ അടിയന്തിരമായി ഗുണഭോക്തൃ സമിതിക രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വൈദ്യുതി കണക്ഷൻ സെക്രട്ടറിയുടെ പേരിൽ നി മാറ്റേണ്ടതുമാണ്. പ്രവർത്തനം നിലച്ച കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ റദ്ദു ചെയ്യുന്നതി നടപടി സ്വീകരിക്കേണ്ടതാണ്.ഈ വിഷയം സംബന്ധിച്ച് നൽകിയ 5/20-21/18.01.22 നമ്പർ ഓഡ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-34 പാലിയേറ്റീവ് കെയർ വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് തുക നൽകി.

ഇടുക്കി എം.പി.ശ്രീ.ഡീൻ കുര്യാക്കോസിന്റെ MPLADS പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റ കെയറിനായി നേര്യമംഗലം സി.എച്ച്.സി.ക്ക് അനുവദിച്ച മാരുതി ഈക്കോ മിനി വാനിന രജിസ്ട്രേഷനും അനുബന്ധ ചെലവുകൾക്കുമായി 13500/- രൂപ തനത് ഫണ്ടിൽ നിന്നും 04.9.20 എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. ഇത്രയും ത എച്ച്.എം.സി.ഫണ്ടിൽ ലഭ്യമല്ലെന്ന സി.എച്ച്.സി.മെഡിക്കൽ ഓഫീസർ കത്തു നൽകിയതിന അടിസ്ഥാനത്തിലാണ് തുക നൽകിയത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ വാഹനം രജിസ ചെയ്യുന്നതിന് ചെലവു വന്ന തുക കിഴിച്ച് ബാക്കി തുക 6772/- രൂപ സി.എച്ച്.സി മെഡിക്കൽ ഓഫീ 31.3.21 ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.ബാക്കി തുക 6728/- രൂപ തിരികെ ലഭിക്കാത്തതിനാ ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദ വിവരങ്ങൾ ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-35 അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്

പഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും ഹരിത കർമസേന ശേഖരിച്ച അജൈവ മാലിന്യങ്ങ മാസങ്ങളായി MCF ൽ സൂക്ഷിച്ചിരിക്കുകയാണെന്നും ഇവ സമയബന്ധിതമായി നീക്കം ചെയ്യാത്തതിനാ നിലവിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലെന്നും ആയതിനാൽ മാലിന്യങ്ങ നീക്കം ചെയ്യാൻ ക്ളീൻ കേരള കമ്പനിയോട് ആവശ്യപ്പെടാനും ചെലവ് തുക തനത് ഫണ്ടിൽ നിന നൽകാനും 20.02.21 ലെ പഞ്ചായത്ത് കമ്മറ്റി 2(3) നമ്പർ പ്രകാരം തീരുമാനമെടുത്തു. 2020-21 വർ തനത് ഫണ്ടിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ആയതിനാ മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്തോയെന്ന വിവരവും ആയതിന് ചെലവായ ത എത്രയാണെന്നും അറിയിക്കുവാനും MCF ൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ക്ളീൻ കേ കമ്പനിയുമായി കരാർ വെച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കുവാനും ആവശ്യ കൊണ്ട് നൽകിയ 6/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയ വിശദാംശങ്ങൾ ഹാജരാക്കേണ്ടതും മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്ത് MCF പരിസരവും പൊതു ജനങ്ങളുടെ പരാതിക്ക് ഇടവരുത്താതെ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

## 1-36 തിരിച്ചടക്കാത്ത ബാധ്യതാ തുകകൾ.

2018-19,2019-20 വാർഷീക ധനകാര്യപത്രികയിലെ ബി.9 പത്രികയിലെ താഴെ പറയുന്ന തുകകൾ 202
21 വർഷത്തിലും അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 350200201 | Income Tax Deducted At Source | 188159 |
| 2 | 350200202 | Value Added Tax | 646949 |
| 3 | 350200203 | KCWWF | 7466 |
| 4 | 350300107 | River Management Fund | 468012 |
| 5 | 350300108 | Royalty | 60750 |
| 6 | 350300199 | Government And Other Dues Payable | 330656 |
| 7 | 350400299 | Refunds Payable-Other User Charges | 22500 |
| 8 | 350410401 | Advance Collection Of Revenue -Rent From Buildings | 3630 |
| 9 | 350800101 | Liability In Respect Of Stale Cheques | 84664 |
| 10 | 350800299 | Other Liabilities | 1228069 |

ഇവ അടവാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡ എൻക്വയറിക്ക്(7/18.1.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.തുകകൾ അടവാക്കി ഓഡിറ്റിനെ വിവ അറിയിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണതോതിലെ കുറവ്.

2020-21 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ

| | പ്രവർത്തികളുടെ എണ്ണവും ചെലവ് തുകയും | |
|---|---|---|
| | എണ്ണം | തുക(രൂപയിൽ) |
| ആകെ വിഭാവനം ചെയ്ത പ്രവർത്തികൾ | 152 | 53876397 |
| നടപ്പിലാക്കിയ പ്രൊജക്ടുകൾ | 102 | 33136788 |
| നടപ്പിലാക്കിയവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 82 | 27686631 |
| നടപ്പിലാക്കിയവയിലെ തൻവർഷ പ്രൊജക്ടുകൾ | 20 | 15450157 |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും താഴെ കാണുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1)ആകെ അംഗീകാരം ലഭിച്ച പ്രവർത്തികളുടെ 67.1 ശതമാനം എണ്ണം മാത്രമാണ് നടപ്പിലാക്ക പ്രൊജക്ടുകൾ. അതുപോലെ ആകെ അടങ്കൽ തുകയുടെ 61.5ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്ന

2)തൻവർഷം നടപ്പിലാക്കിയിരിക്കുന്ന പ്രവർത്തികളിൽ 80.39%സ്പിൽ ഓവർ പ്രവർത്തികളാ ചെലവഴിച്ച തുകയിൽ 83.55%തുകയും ഇവക്ക് വേണ്ടിയാണ്.

3)നടപ്പിലാക്കിയിരിക്കുന്ന പ്രവർത്തികളിൽ തൻവർഷ പ്രൊജക്ടുകൾ 32.9%മാത്രവും ഇവക്കാ ചെലവഴിച്ചിരിക്കുന്നത് ആകെ ചെലവ് തുകയുടെ 16.45%വും മാത്രമാണ്.
മുൻവർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വന്ന കാലതാമസത്താൽ 2020-21 വർഷത്തേക്ക് സ്പ ഓവർ പ്രവർത്തികൾ അധികരിച്ച് വരികയാണുണ്ടായത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഭൂരിപക്ഷ സ്പിൽ ഓവറാവുന്നത് തൻവർഷത്തെ പ്രൊജക്ടുകളുടെ നടത്തിപ്പിനെ കാര്യമായി ബാധിക്കുന്നു. ഇത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-38 ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇ-ടെൻഡർ ഫീ ലഭിച്ചിട്ടില്ല

സർക്കുലർ നം. DB1/7942/2010/CE/LSGD Dt.27.11.2019 പ്രാകാരം ഇ-ടെൻഡർ ഫീ ബാങ്ക് അക്കൗ തുടങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ടെൻഡർ ഫീ ലഭ്യമായിട്ടില്ല. ഇ - ടെൻഡർ ഫീ തുക കണക്കാം അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എ)സ്റ്റോക്ക് രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ, അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്ന സൂക്ഷിച്ചിട്ടില്ല.ആയവ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മരാമത്ത് പ്രവർത്തി -എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയ പ്പെട്ടു.

1)റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചെയിന രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഒരു റോഡിന്റെ തന്നെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാ ചെയ്യുമ്പോൾ പ്രവർത്തിയുടെ അളവുകളിൽ ഇരട്ടിപ്പ് വരുന്നില്ലയെന്ന് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല

2)സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

2012 ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601-1-2പ്രകാരം സ്ഥലപരിശോധനകൾക്ക് ശേഷം മാത്ര എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ പാടുള്ളൂ. എന്നാൽ ഇത്തരത്തിൽ വിശദമായ പരിശോധന കൂടാ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിനാൽ ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ എ പ്രവർത്തികൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നിട്ടുണ്ട്.

## 1-40 ടെൻഡർ നടപടികളിലെ അപാകങ്ങൾ

1)ടെൻഡറിലെ തിരുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-1പ്രകാരം ലഭിച്ച ടെണ്ടറുകളിൽ തിരുത്തലു ഉണ്ടെങ്കിൽ അവ ക്രമ നം. രേഖപ്പെടുത്തി തീയതിയോടൊപ്പമുള്ള ചുരുക്കൊപ്പ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പതിനെട്ടാം വാർഡിലെ കുത്തുകുഴി ത്തുമ്പുങ്കൽ റോഡും നടുക്കുടിപ്പടി - ഏണിയെക്കാവ് റോഡും കോഴിപ്പാറ ചെക്ക് ഡാം റോ പുനരുദ്ധാരണം (പ്രൊജക്ട് നം.107/20-21)എന്ന പ്രവർത്തിയിൽ ശ്രീ.എൻ.ബി മൊയ്തീൻ എ കരാറുകാരൻ സമർപ്പിച്ച ടെൻഡറിൽ 3%ടെൻഡർ കുറവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരു 5%ടെൻഡർ അധികം എന്നാക്കിമാറ്റുകയും എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.പി.പി.ഔസേപ്പ് എ കരാറുകാരന് പ്രവർത്തി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാര രേഖപ്പെടുത്തലുകളോ, നിർവ്വഹണോദ്യോഗസ്ഥന്റെ ചുരുക്കൊപ്പോ രേഖപ്പെടുത്തിയിട്ടില്ല.

2)സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ സെക്ഷൻ 2009.6 പ്രകാരം കരാറുകാർക്ക് സെലക നോട്ടീസ് ലഭിച്ച് പതിനാല് ദിവസത്തിനുള്ളിൽ കരാർ ഉടമ്പടി ചമക്കേണ്ടതുണ്ട്. എന്നാൽ ഇങ്ങ അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ തീയതി രേഖപ്പെടുത്തുകയോ, കരാറുകാരൻ കൈപ്പറ്റുന്ന തീയ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ തന്നെ നിശ്ചിത തീയതിക്ക് കരാർ ഉട ചമച്ചിട്ടുണ്ടോയെന്നും മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല.

3)സ്റ്റോക്ക് രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ, അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ട ആയവ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 പഞ്ചായത്ത് പുറമ്പോക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭിച്ചില്ല

കവളങ്ങാട് ഗ്രാമപഞ്ചായത്ത് വാർഡ് 14 ലെ കിളിയേലിൽ ചിറയുടെ ഭാഗത്തെ പഞ്ചായത്ത് പുറമ്പോ സ്ഥലവും വാർഡ് 1 ലെ വാരിയേത്ത് ചിറയുടെ സമീപത്തെ പഞ്ചായത്ത് പുറമ്പോക്ക് സ്ഥലവും ച വ്യക്തികൾ കയ്യേറിയതായി ടി വാർഡിലെ മെമ്പർമാർ 20.02.21 ലെ പഞ്ചായത്ത് കമ്മറ്റിയ പരാതിപ്പെട്ടതിനാൽ ടി സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിന് കോതമംഗലം തഹസിൽദാറ അഭ്യർത്ഥിക്കുവാൻ 8(9) നമ്പർ പ്രകാരം ടി കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. സ്ഥലം അള തിട്ടപ്പെടുത്തി സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊ

നൽകിയ 7/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. സ്ഥലം അള
തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-42 ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡ ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളു വാർഷീക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജി അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷീക റി വാർഷീക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു നടപടിക്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇവ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാ കൂടാതെ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ റോഡ് കണക്കിവിറ്റി മ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഇവ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

## 3-1 പാലിയേറ്റീവ് കെയർ വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് തുക നൽകി

ഇടുക്കി എം.പി. ശ്രീ.ഡീൻ കുര്യാക്കോസിന്റെ MPLADS പദ്ധതിയിൽ ഉൾപ്പെടുത്തി നേര്യമംഗ സി.എച്ച്.സി.ക്ക് പാലിയേറ്റീവ് കെയറിനായി അനുവദിച്ച ഈക്കോ മിനി വാനിന്റെ രജിസ്ട്രേഷ ഇൻഷുറൻസ്, സ്റ്റിക്കർ വർക്ക് എന്നീ ചെലവുകൾക്കായി 13500/- രൂപ എറണാകുളം ജില്ലാ മെഡിക്ക ഓഫീസർക്ക് വൗച്ചർ നമ്പർ 22000371/04.9.20 പ്രകാരം നൽകി. ആശുപത്രിയുടെ HMC ഫണ്ടിൽ തു അപര്യാപ്തമായതിനാൽ ടി തുക ലഭ്യമാക്കണമെന്ന മെഡിക്കൽ ഓഫീസർ ഇൻ – ചാർജിന്റെ 24.8.20 ലെ 387/2020 നമ്പർ കത്ത് പ്രകാരമാണ് തുക അനുവദിച്ചത്. ആരോഗ്യ വകുപ്പിലെ ജില്ലാ മെഡിക്ക ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, അനുബ ചെലവുകൾ എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നത് ഉചിതമല്ല. ഡി.എം.ഓ.യ്ക്ക് നൽക 13500/-രൂപയിൽ ചെലവഴിച്ചതിനു ശേഷം ബാക്കി വന്ന തുക 6772/- രൂപ രസീത് നമ 120020900186/31.3.21 പ്രകാരം തനത് ഫണ്ടിൽ മെഡിക്കൽ ഓഫീസർ അടവാക്കിയിട്ടുണ്ട്. 6728/- രൂ HMC ഫണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെ 15/20.01.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. H ഫണ്ടിൽ നിന്നും തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റി അറിയിക്കേണ്ടതാണ്. 6728/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 മുട്ടക്കോഴി വിതരണം-മുഴുവൻ പേർക്കും വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് | 167/20-21 [SO] ( മുട്ടക്കോഴി വിതരണം . (എസ്.ടി) |
| | |

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 80200/- (ടി.എസ്.പി) |
| ചെലവ്(ബിൽ നം.തീയതി) | 78540/-(017879/11.04.20) |

മേൽ പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ, കോഴികളെ വിതരണം ചെയ്ത് കോട്ടപ്പടിയി ഗ്രാമശ്രീ എഗ്ഗ് നഴ്സറിയുടെ അക്കൗണ്ടിലേക്ക് 78540/-രൂപ കൈമാറുകയുണ്ടായി. ഇതിന് പുറമെ 2019- -ൽ 19800/- രൂപയടക്കം ആകെ 98340/- പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് ചെലവഴിച്ചിട്ടു മുട്ടക്കോഴി ഒന്നിന് 110/- രൂപ നിരക്കിൽ ആകെ 894 മുട്ടക്കോഴികളെയാണ് പൗൾട്രീ ഫാമിൽ നിി വാങ്ങിയിട്ടുള്ളത്.

മുട്ടക്കോഴികളെ ലഭിച്ച ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ പരിശോധിച്ചതിൽ 3 പേർ കോഴിക കൈപ്പറ്റിയിട്ടില്ല എന്ന് കാണുകയുണ്ടായി. മുട്ടക്കോഴി വിതരണ രേഖ പ്രകാരം രണ്ട് തവണകളായാ (3/3/20, 26.3.20) വിതരണം നടത്തിയിട്ടുള്ളത്. ആകെ 777 എണ്ണമാണ്(17 പേർക്ക് 39 വീതം പേർക്ക് 38 വീതം) വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 117 കോഴികളെ വിതരണം ചെയ്തിട്ട വിതരണ രേഖയിൽ ഗുണഭോക്താക്കളായ ശ്രീമതി മല്ലിക മാധവൻ, വള്ളോത്തിൽ മിനി, പി,ഹ ശകുന്തളദേവി എന്നിവർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ 39 കോഴികൾ വീതം 3 പേ കൈപ്പറ്റാതിരുന്നതിനാൽ ആകെ 117 കോഴികളുടെ വിലയായ 110/-രൂപ നിരക്കിൽ 12870/- രൂപ പദ്ധ നിർവ്വഹണത്തിൽ നഷ്ടം വന്നിട്ടുണ്ട്. നഷ്ടം വന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥൻ സഞ്ച നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-3 വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ അധിക തുക ഹരിതകർമ്മ സേനയ്ക്ക് നൽ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 131/2021 |
| പ്രൊജക്ടിന്റെ പേര് | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 625950/-(ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) |
| ചെലവ് | 615550/-<br>1) ബിൽ നമ്പർ-153/20-21/18.8.20,<br>തുക-115950/-<br>2)ബിൽ നമ്പർ-179/20-21/28.9.20,<br>തുക-53600/-<br>3)ബിൽ നമ്പർ-212/20-21/27.11.20,<br>തുക-113800/-<br>4)ബിൽ നമ്പർ-284/20-21/24.02.21,<br>തുക-150200/-<br>5)ബിൽ നമ്പർ-409/20-21/27.03.21 ,തുക-182000/- |

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് എത്തിക്കുന്നതിനുള്ള വാഹന വാടക, മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള കൂ മാലിന്യ ശേഖരണത്തിനുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കായി 2020-21 വർഷം മേൽപ്പറഞ്ഞ പ്രകാ ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് വിഹിതത്തിൽ നിന്നും 615550/- രൂപ വയബിലിറ്റി ഗ്യ ഫണ്ടിനത്തിൽ ഹരിതകർമ്മ സേനയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.സ (സാധാ)നം.1391/2018/ത.സ്വ.ഭ.വ, തീയതി, 19.5.18 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഒരു വാർഡിന് പരമാവധി 23,175/- രൂപ മാത്രമേ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ ചെലവഴിക്ക സാധിക്കുകയുള്ളൂ. കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ 18 വാർഡുകൾ ആണുള്ളത്. അതു പ്രകാരം 41715 (23175x18=417150/-) രൂപ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. 198400/- രൂപ അധികമാ ഹരിത കർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്.

ഹരിത കർമ്മസേന ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ കഴിയും വിധം വീടുകളിൽ നി സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിച്ചു തുടങ്ങുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ഹ കർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾക്കായാണ് തദ്ദേശ സ്വയംഭര

സ്ഥാപനങ്ങൾ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നീക്കി വെയ്ക്കേണ്ടതെന്ന് സ.ഉ(സാധാ) നം.2420/2017/ത ഭ വ/15.7.17 പ്രകാരമുള്ള ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹ മാർഗ നിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കവളങ്ങാട് സി.ഡി.എസിനു കീഴിലുള്ള ടി ഹരി കർമ്മസേനയുടെ 3955690518 നമ്പർ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ.,നെല്ലിമറ്റം ശാഖ) 31.3.21 3,04,437/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. പ്രവർത്തനങ്ങൾക്കായി സ്വന്തം നിലയ്ക്ക് വലിയൊരു ത കണ്ടെത്താൻ ഹരിത കർമ്മസേനയ്ക്ക് സാധിക്കുമായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാ പദ്ധതി വിഹിതത്തിൽ നിന്നും ഭീമമായ തുക നൽകുകയാണ് പഞ്ചായത്ത് ചെയ്തത്. ഹരിത കർമ്മസേ ഹാജരാക്കിയ വിവിധ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യോഗസ്ഥന വി.ഇ.ഓ.തുക അനുവദിച്ചത്. ഹരിത കർമ്മസേന ശേഖരിച്ച അജൈവ വസ്തുക്കൾ വിവിധ വാർഡുകളി നിന്ന് എം.സി.എഫിലേക്ക് കൊണ്ടു പോയതിന് വണ്ടിക്കൂലി ഇനത്തിൽ മാത്രം ഭീമമായ തുകയാ നൽകിയത്. Three Star Tours And Travels, തലക്കോട് എന്ന സ്ഥാപനത്തിനാണ് ഭൂരിഭാഗം തുക നൽകിയത്. വാഹന നമ്പർ, തീയതി എന്നിവ എഴുതിയിട്ടില്ലാത്ത ബില്ലുകളുടെ അടിസ്ഥാനത്തിലും സ്ഥാപനത്തിന് തുക നൽകി. ഒരേ ബില്ലിൽ തന്നെ കിലോമീറ്ററിന് വ്യത്യസ്ത നിരക്കുകളാ കാണിച്ചിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ച് കിലോമീറ്ററിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സ്ഥാപനം മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തെരഞ്ഞെടുക്കുന്നതിന് പകരം യാതൊരു മാനദണ്ഡവുമില്ലാ Three Star Tours And Travels എന്ന സ്ഥാപനത്തിന് തുക നൽകിയത് പഞ്ചായത്തിന്റെ ഭാഗ നിന്നുള്ള വീഴ്ചയായും വൗച്ചറുകളുടെ കൃത്യത പരിശോധിക്കാതെ തുക അനുവദി നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. മേലിൽ ഹരിത കർമ്മസേന സ്വന്തം നിലയ്ക്ക് തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം പദ്ധതി വിഹി അനുവദിക്കേണ്ടതും അതിന് ആവശ്യമായി വരുന്ന തുക മാത്രം കണക്കാക്കി പ്രൊജക്ട് വിഭാവ ചെയ്യേണ്ടതുമാണ്.

ഹരിത കർമ്മസേനയ്ക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ 198400/- രൂപ മേ കാരണങ്ങളാൽ ഓഡിറ്റ് നിരാകരിക്കുന്നു. ടി തുക സ്ഥാപനത്തിന്റെ ബാങ്ക് നീക്കിയിരിപ്പിൽ നിന ഈടാക്കിയോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഓ യിൽ നിന്നും ഈടാക്കിയ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷീക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷീക ധനകാര്യ പത്രിക പരിശോധന നടത്തിയാത്. | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തൻവർഷ ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 260440 | പ്രൊജക്ട് നം.159/21 നെൽകൃഷി വികസനം (നേരിട്ട് ചെലവഴിച്ചത്) | 260440 | 0 |
| | 0 | 118473 | പ്രൊജക്ട്നം.1/21 | 118473 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നെൽകൃഷി വികസനം (നോരിട്ട് ചെലവഴിച്ചത്) | | |
| | 0 | 50000 | പ്രൊജക്ട്നം.2621 ക്ഷീരകർഷകർക്കുള്ള ബോണസ് (നോരിട്ട് ചെലവഴിച്ചത്) | 50000 | 0 |
| | 0 | 187100 | പ്രൊജക്ട് നം.3321വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (നോരിട്ട് ചെലവഴിച്ചത്) | 187100 | 0 |
| | 0 | 3000000 | പ്രൊജക്ട് നം.12621 ലൈഫ് ഭവന പദ്ധതിക്ക് സ്ഥലം വാങ്ങൽ (ജനറൽ) (നോരിട്ട് ചെലവഴിച്ചത്) | 3000000 | 0 |
| | 0 | 450000 | പ്രൊജക്ട് നം.127/21 ലൈഫ് ഭവന പദ്ധതിക്ക് സ്ഥലം വാങ്ങല് (എസ്,സി) നോരിട്ട് ചെലവഴിച്ചത്) | 450000 | 0 |
| | 0 | 50000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, പ്രൊജക്ട് നം303/21) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 99075 | 0 | പ്രൊജക്ട് നം.194/21 ലൈഫ് ഭവന പദ്ധതി, എസ്.സി | 99075 | 0 |
| | 0 | 200000 | പ്രൊജക്ട് നം. പി.എം.എ വൈ-ലൈഫ് | 0 | 200000 |
| | 13952 | | പ്രൊജക്ട് നം.34/20 ലൈഫ് മുൻബാക്കി | 0 | 13952 |
| | 0 | 350000 | പ്രൊജക്ട് നം.3321 വികലാംഗ വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് (നോരിട്ട് ചെലവഴിച്ചത്) | 350000 | 0 |
| | 0 | 225000 | പ്രൊജക്ട് നം.127/21 ലൈഫ് ഭവന പദ്ധതിക്ക് സ്ഥലം വാങ്ങല് (എസ്,സി) (നോരിട്ട് ചെലവഴിച്ചത്) | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 200000 | പ്രൊജക്റ്റ് നം.2621 ക്ഷീരകർ ഷകർക്കുള്ള ബോണസ് നേരിട്ട് ചെലവഴിച്ചത്) | 200000 | 0 |
| | 0 | 400000 | പ്രൊജക്റ്റ് നം.12621 ലൈഫ് ഭവന പദ്ധതിക്ക് സ്ഥലം വാങ്ങൽ (ജനറൽ) (നേരിട്ട് ചെലവഴിച്ചത്) | 400000 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ള മുൻബാക്കി യഥാർത്ഥത്തിൽ 315315രൂപയാണ്. ഇത് താ
പറയുന്ന ഇനങ്ങളിലുള്ളതാണ്.

| | |
|---|---|
| അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ | 200000 |
| | 788 |
| ലൈഫ് ഭവന പദ്ധതി(എസ്.സി) | 99075 |
| ലൈഫ് ഭവന പദ്ധതി ജനറൽ) | 15452 |

ഇതിൽ 314527രൂപ സംയുക്ത പ്രൊജക്ടുകളുടെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലും788രൂ
എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിലുമാണുള്ളത്.

നീക്കിബാക്കിയിനത്തിൽ ആകെയുള്ളത് 416240രൂപയാണ്. അവയുടെ വിവരങ്ങൾ താഴെ.

| | |
|---|---|
| പി.എം.എ വൈ | 200000 |
| അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 788 |
| അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 200000 |
| ലൈഫ് ഭവന പദ്ധതി ജനറൽ) | 15452 |

ഇതിൽ 215452 രൂപ സംയുക്ത പ്രൊജക്ടുകളുടെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലും 200788രൂ
എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിലുമാണുള്ളത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃ
നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാ
തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | അംഗൻ വാടിയി ലേക്ക് പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ | 1010827/ 19.5.2020 | 20000 രൂപ | ഇല്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കിയായ 15353333 രൂപയ 480000രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ. പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 0 | 15353333 | 1536824 | | 13816509 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18513012 |
| തൻവർഷം നിക്ഷേപിച്ച തുക | 1452943 |
| ആകെ | 19965955 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19965955രൂപ. |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 19/02/2020 | 12 മാസം | 5629634 | |
| 2 | | 11/10/2020 | | 2226600 | |
| 3 | | 31/1/2021 | | 6054861 | |
| 4 | | 31/1/2021 | | 2421944 | |
| 5 | | 31/1/2021 | | 1210972 | |
| 6 | | 31/1/2021 | | 1210972 | |
| 7 | | 31/1/2021 | | 1210972 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം : വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്ക അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 1997-98 To 2000-01 | 40 | 2005-06 | 2.41(1) | റോഡ് പണിയിൽ ലഭിച്ച മണ്ണ്, പാറ എന്നിവയുടെ വിനിയോഗ വിവരങ്ങൾ ഇല്ലാത്തതിനാൽ ചെലവ് നിരാകരിച്ചത്. | പരാമർശം നിലനിൽക്കുന്നു |
| 2003-04 | 3(11) | 2006-07 | 3.39.4.7 | ഡെപ്പോസിറ്റ് വർക്കുകൾക്ക് പണമടച്ചത്-പൂർത്തീകരണ വിവരങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| 2003-04 | 3(13) | 2006-07 | 3.39.4.8 | ഡെപ്പോസിറ്റ് വർക്കുകൾക്ക് പണമടച്ചത്-പൂർത്തീകരണ വിവരങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| 2003-04 | 3(6) | 2006-07 | 3.49.1 | ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 99699898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105948184 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 217935 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 645734 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ----- | 6728 | ഡോ. ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ, CHC |
| 3-2 | ---- | 12870 | ഡോ.രാജേശ്വരി ആർ വെറ്ററിനറി സർജൻ |
| 3-3 | ------ | 198400 | ശ്രീ. സന്തോഷ് വി.ഇ.ഒ (നെല്ലിമറ്റ |
| | ആകെ | 217998 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 195274 | ഡോ. ഷിനോജ് തോമസ് അബ്രഹാം |
| 1-24 | 300000 | ശ്രീ. രാജൻ പി. എസ്, സെക്രട്ടറി |
| 1-25 | 20000 | ശ്രീ. രാജൻ പി. എസ്, സെക്രട്ടറി, |
| 1-29 | 130460 | ഡോ.രാജേശ്വരി ആർ, വെറ്ററിനറി സർജൻ |
| ആകെ | 645734 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിന്/തടസ്സത്തിന്ഉത്തരവാദികളായവരുടെ പേരും സ്ഥ മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് പി.എം. വി.ഇ.ഒ | വി.ഇ.ഓ, കവളങ്ങാട് ഗ്രാമപഞ്ചായത്ത് | പാലക്കാട്ട് ഹൌസ്, മുണ്ടൻമുടി (പി.ഒ.) വാൽപ്പാറ, വണ്ണപ്പുറം, ഇടുക്കി-685607 |
| ഡോ.രാജേശ്വരി ആർ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഗവ. വെറ്റിനറി ഡിസ്പെൻസറി, കവളങ്ങാട് | കാലയിൽ ഹൗസ്, ഊന്നുകൽ (P.O), എറണാകുളം |
| ഡോ.ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നേര്യമംഗലം | ത്ലാട്ടിക്കാട്ട് പാടി പി.ഒ, കോടാലി തൃശ്ശൂർ 680699 |
| ഡോ. ഷിനോജ് തോമസ് അബ്രഹാം, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ, മോഡൽ ഗവ. ഹോമിയോ ഡിസ്പെൻസറി, നെടിയശാല, ഇടുക്കു, 685608 | ഇലവുങ്കൽ ഹൗസ്, കൗളിക്കാട് പി.ഓ, എറണാകുളം, 686670 |
| ശ്രീ. രാജൻ പി. എസ്, സെക്രട്ടറി | (വിരമിച്ചു) | പട്ടർമറ്റം, അമ്പോപ്പള്ളിൽ, മഞ്ഞപ്ര, ആലുവ, 683581 |

## 4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| 1997-98 മുതൽ 2001-02വരെ (പദ്ധതി വിഹിതം) | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 1997-98 | എൽ.എഫ്.ഇ.(പി7)2076/07, 04/11/2009 |
| 1998-99 | എൽ.എഫ്.ഇ.(പി7)2077/07, 04/11/2009 |
| 1999-2000 | എൽ.എഫ്.ഇ.(പി7)2078/07, 04/11/2009 |
| 2000-2001 | എൽ.എഫ്.ഇ.(പി7)2079/07, 04/11/2009 |
| 2001-02 | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ<br>2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |
| 2013-14 മുതൽ<br>2014-15 വരെ | കെ.എസ്.എ-ഇ.കെ.എം (പി7) -972/2016, 22.06.2016/7.7.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) -2241/2016/02.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 2027/2017/30.11.17/19.12.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) /2341/18/22.3.19 |
| 2018-19 | നം.കെ.എസ്.എ-ഇ.കെ.എം.പി7/130/202തി.11.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകു
കേരള സംസ്ഥാന ഓഡിറ്റ് വ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്